# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 639      06.02.2013 ലെ മറുപടിയ്ക്ക്

## കാരുണ്യ ചികിത്സാ പദ്ധതി

**ചോദ്യം**

ശ്രീ. വി. ചെന്താമരാക്ഷൻ
ശ്രീ. കെ. വി. അബ്ദുൾ ഖാദർ
ശ്രീമതി. കെ. കെ. ലതിക
ശ്രീ. എ. എം. ആരിഫ്

**ഉത്തരം**

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | |
|---|---|---|
| (എ) | കാരുണ്യ ചികിത്സാ പദ്ധതിയുടെ ഭാഗമായുള്ള ചികിത്സാ സഹായങ്ങൾ ലഭ്യമാക്കുന്ന രീതിയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | നിലവിലുള്ള നടപടി ക്രമങ്ങൾ സുതാര്യവും എത്രയും പെട്ടെന്ന് രോഗികൾക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്ന രീതിയിലുമാണ് ആവിഷ്കരിക്കപ്പെട്ടിട്ടുള്ളത്. |
| (ബി) | പെട്ടെന്ന് രോഗം ബാധിച്ച് ആശുപത്രിയിലാവുകയും അടിയന്തിര ശസ്ത്രക്രിയക്ക് വിധേയരാവുകയും ചെയ്യേണ്ടി വന്ന പാവപ്പെട്ടവർക്ക് കാരുണ്യ ചികിത്സാ സഹായം ലഭിക്കാത്ത സാഹചര്യം അറിയാമോ; അപേക്ഷ സംബന്ധിച്ച സങ്കീർണ്ണതകൾ നിർദ്ധനരായ രോഗികളെ ബുദ്ധിമുട്ടിലാക്കുകയാണെന്നറിയാമോ; | നിലവിലുള്ള വ്യവസ്ഥയനുസരിച്ച് ചികിത്സ ആരംഭിക്കുന്നതിനുമുമ്പ് അപേക്ഷകൾ ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ നൽകിയിരിക്കണമെന്നാണ് ഇപ്രകാരം നൽകുന്നത് മൂലം രോഗികൾക്ക് ചികിത്സാ സഹായം ലഭിക്കാത്ത സാഹചര്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അപേക്ഷ ലഭിച്ച് പ്രാഥമിക പരിശോധന നടത്തി എത്രയും പെട്ടെന്ന് സർക്കാർ ആശുപത്രികളിലേക്ക് മുൻകൂർ ചികിത്സാ അനുമതി നൽകുന്നതിന് അതാതു ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അപേക്ഷ നൽകി നടപടി ക്രമങ്ങൾ പൂർത്തിയാകുന്നതിനു മുമ്പ് അടിയന്തിര ചികിത്സ ആവശ്യമായി വരുന്ന ഘട്ടങ്ങളിലും മുൻകൂർ ചികിത്സാ അനുമതി നൽകുന്നുണ്ട്. അപേക്ഷ നൽകുന്നതിനു മുമ്പ് സർക്കാർ ആശുപത്രികളിൽ അടിയന്തിര |

| | | |
|---|---|---|
| | | ശസ്ത്രക്രിയക്ക് വിധേയരാകുന്ന രോഗികൾക്ക് ബന്ധപ്പെട്ട ഡോക്ടറുടെ സർട്ടിഫിക്കറ്റ് സഹിതം 24 ണിക്കൂറിനുള്ളിൽ ജില്ലാ ഓഫീസുകളിൽ അപേക്ഷ നൽകാവുന്നതാണ്. |
| (സി) | കാരുണ്യ ലോട്ടറി വഴി ഇതിനകം ലഭിച്ച വരുമാനവും ചികിത്സാ സഹായം നൽകാൻ ഇതിനകം ചെലവഴിച്ച തുകയും ബാക്കി നിൽപ്പും സംബന്ധിച്ച് വിശദമാക്കുമോ; ഈ പണം യഥാസമയം പാവപ്പെട്ടവർക്ക് ചികിത്സാ സഹായമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | 27.01.2013ന് നറുക്കെടുപ്പ് നടത്തിയ കാരുണ്യ 71- ാമത് ഭാഗ്യക്കുറി വരെയുള്ള വിറ്റുവരവ് 562.48 കോടി രൂപയാണ്. ഇതിൽ 27.01.2013 വരെ ലാഭം ഏകദേശം 123.49 കോടി രൂപയാണ്. ഇതിൽ 28.01.2013 വരെയുള്ള എല്ലാ അപേക്ഷകളും പരിഗണിച്ച് 7485 രോഗികൾക്കായി 79.08 കോടി രൂപ ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ട്. ബാക്കി തുക അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് നൽകുന്നതാണ്. |
| (ഡി) | കാരുണ്യ ചികിത്സാ സഹായത്തിനായി ലഭിച്ച അപേക്ഷയിൽ ഇനിയും തീർപ്പാക്കാനുള്ളവ എത്രയാണെന്നും അതിനായി വേണ്ടി വരുന്ന തുക എത്രയൊണെന്നും വിശദമാക്കുമോ; | 28/01/2013 വരെയുള്ള മുഴുവൻ അപേക്ഷകളും തീർപ്പാക്കി ധനസഹായം അനുവദിച്ചു കഴിഞ്ഞിട്ടുണ്ട്. അതിനുശേഷം ലഭിച്ച 282 അപേക്ഷകൾക്കായി 3.23 കോടി രൂപ വേണ്ടി വരും. |

സെക്ഷൻ ഓഫീസർ